(സി) ഉണ്ട്.

(ഡി) ഇലക്ട്രിക്കൽ വർക്കർമാരെ കൊണ്ട് പെയ്ത് തീർക്കുവാൻ പറ്റാത്ത ബുദ്ധിമുട്ടുള്ള പ്രവൃത്തികൾ ബോർഡ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്തു വരുന്നു. നിലവിലുള്ള സാഹചര്യത്തിൽ ഇത് നിർത്തലാക്കുവാൻ സാധിക്കുകയില്ല.

(ഇ) പരിശോധിച്ചു മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കാർഷികമേഖലയ്ക്ക് നബാർഡിൽ നിന്നും വായ്പ

208 (1172) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ നബാർഡിൽനിന്നും കാർഷിക മേഖലയ്ക്ക് എത്ര തുക വായ്പയായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇത്തരം വായ്പയുടെ ശരിയായ ഉപയോഗത്തിനായി കാർഷിക രംഗത്ത് അടിസ്ഥാനപരമായി എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നാണ് നബാർഡ് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) പാട്ടക്കൃഷി നിയമാനുസൃതമാക്കാതെ കാർഷികോല്പാദനം ലക്ഷ്യം കാണാനാവില്ല എന്ന നിഗമനം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പാട്ടക്കൃഷി നിയമാനുസൃതമാക്കുന്നതിനായി പ്രസ്തുത രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനായി പുതിയ നിയമനിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കാർഷിക അനുബന്ധ മേഖലയ്ക്ക് 54 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി-ഇ) പരിശോധിക്കുന്നതാണ്.

കാർഷികമേഖലയ്ക്ക് നബാർഡിന്റെ വായ്പാപദ്ധതി

209 (1173) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ബി. ബാബുപ്രസാദ് :
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ കാർഷികമേഖലയ്ക്കായി നബാർഡ് എത്ര കോടി രൂപയുടെ വായ്പാപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ;

KERALA LEGISLATIVE ASSEMBLY

(ബി) ഇതുസംബന്ധിച്ച് നബാർഡ് പ്രതിനിധികളുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തിയിരുന്നുവോ ;

(സി) കാർഷികരംഗത്ത് ഏതൊക്കെ മേഖലകളിലാണ് പ്രധാനമായും വായ്പാപദ്ധതി ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ നിർത്തടപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും മേൽമണ്ണ് ഒലിച്ചുപോകുന്നത് തടയുന്നതിനുമായി നബാർഡുമായി ചേർന്ന് പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാർഷിക അനുബന്ധ മേഖലയ്ക്ക് 54 കോടി രൂപയുടെ പദ്ധതികൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നടത്തിയിരുന്നു.

(സി) ഭൂവികസനം, ഫാമുകളുടെ യന്ത്രവൽക്കരണം, തോട്ടവിളയും പച്ചക്കറി കൃഷിയും, സ്റ്റോറേജ് ഗോഡൗണും മാർക്കറ്റ് യാർഡ് എന്നീ മേഖലകളിൽ.

(ഡി) 2010-11 സാമ്പത്തിക വർഷം RIDF XVI-ൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 13 പദ്ധതികൾ നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

210 (1174) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുണ്ടുകൃഷിഭൂമികളുള്ള കർഷകരുടെ കൂട്ടായ്മയിലൂടെ കൃഷി നടത്താനുള്ള എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly